**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3467** **05-08-2021 - ൽ മറുപടിയ്ക്ക്**

**വാക്സിൻ ചലഞ്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും കോവിഡ്-19 വാക്സിൻ ലഭ്യമാക്കുന്നതിന് ഫണ്ട് സ്വരൂപിക്കുന്നതിനായി നടത്തിയ വാക്സിൻ ചലഞ്ചിൽ സംസ്ഥാന സർക്കാരിലെ ഓരോ വകുപ്പിലും എത്ര ജീവനക്കാർ പങ്കെടുത്തു എന്ന കണക്ക് ലഭ്യമാക്കാമോ; പങ്കെടുക്കാത്തവരുടെ എണ്ണം വെളിപ്പെടുത്താമോ; | (എ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് വാക്സിൻ ചലഞ്ച് എന്ന പേരിൽ പ്രത്യേകമായി ഫണ്ട് സ്വരൂപണം നടത്തിയിട്ടില്ല എന്നാൽ 30.04.2020 ലെ ജി. ഒ (പി) നം. 53/2020/ധന ഉത്തരവ് പ്രകാരം 2020 മെയ് മാസം മുതൽ 2020 സെപ്റ്റംബർ മാസം വരെ (Deferment Salary) മാറ്റിവെച്ച ശമ്പളം 25.10.2020 ലെ ജി. ഒ (പി) നം. 140/2020/ധന പ്രകാരം അഞ്ച് ഗഡുക്കളായി തിരികെ അനുവദിക്കാൻ ഉത്തരവാകുകയും അപ്രകാരം തിരികെ അനുവദിച്ച ശമ്പളം സ്വമേധയാ മുഴുവനായോ ഗഡുക്കളായോ താല്പര്യമുള്ള ജീവനക്കാർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന നൽകുന്നതിന് അവസരം നൽകിയിട്ടുണ്ട്. ഇപ്രകാരം സംഭാവന നൽകിയവരുടെയും അല്ലാത്തവരുടെയും എണ്ണം പ്രത്യേകം തരം തിരിച്ച് സൂക്ഷിച്ചിട്ടില്ല. |
| (ബി) | പങ്കെടുത്തവരിൽ നിന്നും ലഭ്യമായ തുക എത്രയെന്ന് വെളിപ്പെടുത്താമോ; | (ബി) | വാക്സിൻ ചലഞ്ച് നടപ്പിലാക്കിയിട്ടില്ല. എന്നാൽ 2020 മെയ് മാസം മുതൽ 2020 സെപ്റ്റംബർ വരെ മാറ്റിവെച്ച ശമ്പളത്തിലെ തിരികെ നൽകുന്ന തുകയിൽ നിന്നും ജീവനക്കാർ 30.07.2021 വരെ 70.59 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ സംഭാവനയായി നൽകിയിട്ടുണ്ട്. |
| (സി) | സംസ്ഥാന സർക്കാർ സാലറി ചലഞ്ചിലൂടെ സമാഹരിച്ച തുക ജീവനക്കാർക്ക് മടക്കിക്കൊടുക്കാൻ തുടങ്ങിയത് എന്ന് മുതലാണെന്നും എത്ര തവണയായാണ് ഇത് തിരിച്ചുകൊടുക്കുകയെന്നും അറിയിക്കാമോ; | (സി) | സാലറി ചലഞ്ചിലൂടെയല്ല 30.04.2020 ലെ ജി. ഒ (പി) നം. 53/2020/ധന ഉത്തരവ് പ്രകാരം 2020 മെയ് മാസം മുതൽ 2020 സെപ്റ്റംബർ വരെ (Deferment Salary) മാറ്റിവെച്ച ശമ്പളം 25.10.2020 ലെ ജി. ഒ (പി) നം. 140/2020/ധന പ്രകാരം മെയ് 2021 മുതൽ അഞ്ച് ഗഡുക്കളായി അനുവദിക്കുന്നത്. |
| (ഡി) | ഇങ്ങനെ മടക്കി നൽകുന്ന തുക വാക്സിൻ ചലഞ്ചിലേക്ക് മാറ്റാൻ എന്തെങ്കിലും | (ഡി) | റവന്യൂ ഡി. ആർ. എഫ്. വകുപ്പ് / മന്ത്രിസഭയുടെ തീരുമാനപ്രകാരമാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ |

| | | | |
|---|---|---|---|
| | തീരുമാനമെടുത്തിട്ടുണ്ടോയെന്ന് അറിയിക്കാമോ? | | നിധിയിൽ നിന്നും തുകകൾ വിവിധ ആവശ്യങ്ങൾക്കായി അനുവദിക്കുന്നത്. ഈ വകുപ്പിൽ നിന്നും ഇപ്രകാരം തീരുമാനങ്ങളൊന്നും ഇത് വരെ എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ